പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 944

10.02.2016 ന് മറുപടിയ്ക്ക്.

## സ്കിൽ ഡെവലപ്മെന്റ് മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. എ.റ്റി.ജോർജ്ജ്:<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.എ.മാധവൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതു വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) ആധുനിക ലോകത്തെ വിവിധ തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ പ്രധാനലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഭരണ തലത്തിൽ രണ്ടായി തിരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായുള്ള അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) ഉം തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും (KASE) ഉം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാൻ ആയുള്ള അഡ്വൈസറി ബോർഡും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും, കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. |

ഡിസ്ട്രിക്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് 5 എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ, കോട്ടയം ആലപ്പുഴ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽ പാർക്കിൽ പ്രവർത്തിച്ചുവരുന്നു. അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ